# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3774 — 21.06.2018-ൽ മറുപടിയ്ക്ക്

## ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, കെ. മുരളീധരൻ<br>,, വി.ടി. ബൽറാം<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സാധാരണക്കാരുടെ അത്താണിയായിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനം കാര്യക്ഷമമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനം കാര്യക്ഷമമായിട്ടാണ് നടക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ പദ്ധതിയിൽ എത്ര തുക അനുവദിച്ചു; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 849.03 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സ്വകാര്യ ആശുപത്രികൾക്ക് ഈ പദ്ധതിയിൻകീഴിൽ കുടിശ്ശികയുണ്ടോ; കാരുണ്യ ലോട്ടറിയിൽ നിന്നും കോടിക്കണക്കിന് രൂപ ലാഭം ലഭിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികൾക്കുള്ള കുടിശ്ശിക നൽകുന്നതിൽ കാലവിളംബം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | (സി) | സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിച്ച ക്ലെയിമുകളിൽ 18.06.2018 വരെ 5.83 കോടി രൂപ നൽകാനുണ്ട്. ശരാശരി 3 കോടി രൂപയുടെ ക്ലെയിമുകളാണ് പ്രതിമാസം സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിച്ചു വരുന്നത്. പ്രസ്തുത ക്ലെയിമുകൾ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ച് ട്രഷറിയിൽ ചെക്ക് നൽകുന്നതിനുവേണ്ട സ്വാഭാവിക കാലയളവിൽ ആശുപത്രികളുടെ ചികിത്സാ തുക നൽകുന്നുണ്ട്. നിലവിലുള്ള 5.83 കോടി രൂപയുടെ ക്ലെയിമുകൾ തുക അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രികൾക്ക് തുക വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ